പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്ന് സബ്-ഇൻസ്പെക്ടർ-1, അഡീഷണൽ സബ് ഇൻസ്പെക്ടർ-2, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ-3, സീനിയർ സിവിൽ പോലീസ് ഓഫീസർ-10, സിവിൽ പോലീസ് ഓഫീസർ-25, വനിതാ പോലീസ് ഓഫീസർ-10, ഡ്രൈവർ (സിവിൽ പോലീസ് ഓഫീസർ)-1 എന്നിങ്ങനെ 52 തസ്തികകൾ പുതിയതായി സൃഷ്ടിക്കണമെന്നും അതിനായി ഒരുകോടിയിലധികം രൂപ ശമ്പളച്ചെലവിലും 12 ലക്ഷത്തോളംരൂപ അനാവർത്തക ചെലവിലും സർക്കാരിന് അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അധിക തസ്തിക അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം അടുത്ത സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 19-12-2013-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പരിമിതിയാണ് പ്രധാന പ്രശ്നം. വളരെ ന്യായമായ ആവശ്യമാണ് ശ്രീ. ബി. സത്യൻ സൂചിപ്പിച്ചത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

4. ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

10.07.AM] ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായവും ടെക്സ്റ്റൈൽ തൊഴിലാളികളും അനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് ടെക്സ്റ്റൈൽ വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടേറിയറ്റിനുമുന്നിൽ സത്യാഗ്രഹമനുഷ്ഠിക്കുന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടെക്സ്റ്റൈൽ ഐ.ആർ.സി. തീരുമാനങ്ങൾ നടപ്പിലാക്കുക, വിവ. ജീവിത സൂചികാ പുനർനിർണ്ണയ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക എന്നിങ്ങനെ രണ്ട് പ്രധാനപ്പെട്ട ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. വളരെ ഗുരുതരമായ പ്രതിസന്ധിയാണ് സ്പിന്നിംഗ് മിൽ മേഖലയിലുള്ള തൊഴിലാളികളനുഭവിക്കുന്നത്. അവരുടെ ജീവിതപ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. അക്കാര്യം മനസ്സിലാക്കി അവരുടെ ആനുകൂല്യങ്ങൾ നൽകാനും ജീവിത സുരക്ഷയ്ക്കും വേണ്ടി അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. തമിഴ്നാട് ഗവൺമെന്റ് ഈ വിഷയത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരമൊരു സമീപനം സ്വീകരിക്കണമെന്നാണ് തൊഴിലാളി നേതാക്കൾ ആവശ്യപ്പെടുന്നത്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ വിഷയം പരിഹരിക്കണം.

10.08.AM] തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, ടെക്സ്റ്റൈൽ മേഖലയിൽ ഒരു ലോംഗ് ടേം എഗ്രിമെന്റ് നിലനിൽക്കുന്നുണ്ട്. 2015 ആഗസ്റ്റ് വരെയാണ് എഗ്രിമെന്റിന്റെ കാലാവധി. അത് നിലനിൽക്കുമ്പോൾ ഇടക്കാല വർദ്ധനവ് എന്നൊരാവശ്യം വന്നാൽ അത് നിയമാനുസൃതമല്ല. എങ്കിലും ഇന്നത്തെ ജീവിത സാഹചര്യത്തിൽ വന്നിട്ടുള്ള മാറ്റം കണക്കിലെടുത്തുകൊണ്ട് ടെക്സ്റ്റൈൽ ഐ. ആർ. സി. ഇതിന്റെ പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്ത് 1,600 രൂപയുടെ വർദ്ധനവ് കിട്ടുന്നതിനുള്ള തീരുമാനമെടുത്തു. പ്രൊഡക്ടിവിറ്റി വർദ്ധനവ് തീരുമാനിച്ചിടത്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഐ.ആർ.സി. തീരുമാനം നടപ്പിലായിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൊഡക്ടിവിറ്റി വർദ്ധനവിൽ ധാരണയുണ്ടായിട്ടില്ല. അതുകൊണ്ട് അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എത്രയും പെട്ടെന്ന് അക്കാര്യങ്ങൾക്ക് ധാരണയുണ്ടാക്കുമ്പോൾ ഐ.ആർ.സി. തീരുമാനമനുസരിച്ചുള്ള വർദ്ധനവ് നടപ്പിലാകും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഞാനുംകൂടി ഇടപെട്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രൊഡക്റ്റിവിറ്റിയെ സംബന്ധിച്ച് ചർച്ച ചെയ്യാം. പക്ഷേ സമ്മർദ്ദത്തിന് വഴങ്ങി, നിലവിലുള്ള വോംഗ് ടേം എഗ്രിമെന്റിനെ മറികടന്ന് ഈ മേഖലയിൽ ഇടക്കാലാശ്വാസമെന്നുപറഞ്ഞ് പോയാൽ കേരളത്തിൽ അരാജകത്വമുണ്ടാകും. വോംഗ് ടേം എഗ്രിമെന്റ് നിലനിൽക്കുമ്പോൾ അതിൽ മാറ്റം വരുത്താനാകില്ല. പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്തുകൊണ്ടുള്ള വർദ്ധനവ് മാത്രമേ വരുത്താൻ സാധിക്കൂ. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡെക്സിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡെക്സ് സംബന്ധിച്ച് പുതിയ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെ ലിങ്കിംഗ് ഫാക്ട് കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷം മാത്രമേ വർദ്ധനവിന്റെ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. തമിഴ്നാട് മാതൃകാപരമായി പ്രവർത്തിക്കുന്നുവെന്ന് പറയുമ്പോഴും എനിക്ക് കിട്ടിയിട്ടുള്ള വിവരം തമിഴ്നാട്ടിനേക്കാൾ കൂടുതൽ കൂലി കേരളത്തിൽ നിലനിൽക്കുന്നുണ്ട് എന്നാണ്. പ്രൊഡക്ടിവിറ്റിയുടെ കാര്യത്തിൽ കേരളത്തിനേക്കാൾ കൂടുതൽ തമിഴ്നാട്ടിലാണ് കിട്ടുന്നതെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. ശരിയാണോയെന്ന് പരിശോധിക്കാം. കേരളം അക്കാര്യത്തിൽ തമിഴ്നാട്ടിൽനിന്ന് പിന്നിലാണെന്നുള്ള വാദം ശരിയല്ല.

5. പട്ടയം ലഭ്യമാക്കൽ

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി, കൂട്ടിക്കൽ വില്ലേജുകളിലെ വഴിക്കടവ് മേഖലയിൽ 76 പേർക്ക് നാൽപ്പതുകൊല്ലമായി പട്ടയം ലഭ്യമാക്കാത്ത പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതുവരെയും പട്ടയം നൽകിയിട്ടില്ല. എന്താണ് കാരണമെന്ന് മനസ്സിലാകുന്നില്ല. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മുരുകൻമല ക്ഷേത്രവുമായി ബന്ധപ്പെട്ട് എസ്.എൻ.ഡി.പി.-ക്ക് പട്ടയം നൽകുമെന്ന് പറഞ്ഞിട്ട് അതും നൽകിയിട്ടില്ല. മറ്റൊരുകാര്യം എരുമേലി പഞ്ചായത്തിലേയും കോരുത്തോട്-മുണ്ടക്കയം പഞ്ചായത്തിലുൾപ്പെട്ട കണമല, പനാറവാലി, ഏയ്ഞ്ചൽ വാലി മേഖലകളിൽ ഉൾപ്പെട്ടവർക്കും പട്ടയം നൽകിയിട്ടില്ല. 70 കൊല്ലമായി അവിടെ താമസിക്കുന്ന കുറേ പാവപ്പെട്ട മനുഷ്യരുണ്ട്. വളരെ പ്രധാനപ്പെട്ട ഒരുകാര്യം, 1990-ൽ ജോയിന്റ് വെരിഫിക്കേഷനു ശേഷം ഇത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതാണ്; പീരുമേട് താലൂക്കിലാണ് പ്രസ്തുത സ്ഥലം. ആ റിപ്പോർട്ട് കാണുന്നില്ലെന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും പട്ടയം കൊടുക്കാതിരിക്കുന്നത് എങ്ങനെയാണ്? ഇന്നലെ കഴക്കൂട്ടം എം.എൽ.എ. പറഞ്ഞതുപോലുള്ള കടുംകൈ ഒന്നും ഞാൻ ചെയ്തില്ല. പക്ഷേ ഇതിനി അനുവദിക്കാൻ സാധിക്കുകയില്ല. ഇങ്ങനെ നീട്ടിക്കൊണ്ടു

10.10.AM]

LIBRARY ARCHIVES Kerala Legislative Assembly